ഉത്തരം

(എ, ബി) 2001-നു ശേഷം 2004 ജൂൺവരെ സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ പുതിയ സ്ക്കൂളുകളോ പുതിയ ബാച്ചുകളോ ആരംഭിച്ചിട്ടില്ല. 2004-ൽ 286 പുതിയ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും അനുവദിച്ചു. ആദ്യ വർഷം ജൂനിയർ തസ്തികകളും മാത്രമാണുള്ളത്. 2005-06-ലെ ഒന്നാം വർഷ അഡ്മിഷൻ പൂർത്തിയായി സ്റ്റാഫ് ഫിക്സേഷൻ നടത്തിയതിനുശേഷമേ സീനിയർ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(സി) 33 വേക്കൻസികളും.

(ഡി) വകുപ്പുതല കൗട്ടയായ 25% ഒഴിച്ച് ബാക്കിയുള്ള വേക്കൻസികളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി ഹിന്ദി സീനിയർ—ജൂനിയർ തസ്തികയിലെ നിയമനം

154 [2422] ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിന്ദി സീനിയർ) തസ്തികയിൽ 2002 മുതലുള്ള ഒഴിവുകളുടെ കണക്കുകൾ നൽകാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും റിപ്പോർട്ട് ചെയ്തില്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) എച്ച്. എസ്. എസ്. ടി. ഹിന്ദി സീനിയർ നിയമനത്തിന് അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) 2003-ൽ പ്രൊമോഷൻ വഴി എച്ച്.എസ്.എസ്.ടി. ജൂനിയർ പോസ്റ്റിൽ നിയമിക്കപ്പെട്ട ഹൈസ്ക്കൂൾ ടീച്ചർമാരെ സീനിയർ ടീച്ചർമാരായി പ്രൊമോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേർക്കാണ് നിയമനം നൽകാനുദ്ദേശിക്കുന്നത് എന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി. സീനിയർ ടീച്ചർ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് തുടർന്ന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) ഇത് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് വിശദീകരിക്കാമോ; ആയതിന് പി.എസ്.സി.-യുടേയും ഡി.പി.സി.-യുടേയും അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ജി) യോഗ്യതാ മാനദണ്ഡങ്ങളും സാമുദായിക സംവരണവും കൃത്യമായി പാലിച്ചുകൊണ്ടാണോ ഈ തസ്തികയിൽ നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(എച്ച്) എച്ച്. എസ്. എസ്. ടി. സീനിയർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ ഈ തസ്തികയിൽ ധൃതഗതിയിൽ നടത്തുന്ന പ്രൊമോഷനുകൾ നിർത്തിവെച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 33 റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾപ്രകാരം, ഹയർ സെക്കണ്ടറി ടീച്ചർ സീനിയർ തസ്തികയിലെ ഒഴിവുകൾ ജൂനിയർ തസ്തികയിൽ ഉള്ളവർക്ക് പ്രൊമോഷൻ നൽകിയാണ് നിയമിക്കേണ്ടത്. ആയതിനാൽ സീനിയർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇല്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത വേക്കൻസികളിലെല്ലാം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾസ് പ്രകാരം സീനിയർ തസ്തികയിലേക്കുള്ള നിയമനം ജൂനിയർ തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ നൽകിയാണ്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ജി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പ്രകാരമാണ് നിയമനം നടത്തുന്നത്. പ്രൊമോഷൻ നൽകി നിയമനം നൽകുന്നതിൽ സാമുദായിക സംവരണത്തിന് വ്യവസ്ഥയില്ല.

(എച്ച്) നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമേ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

ഐ. ടി. അറ്റ് സ്കൂൾ പദ്ധതിയും സ്വതന്ത്ര സോഫ്റ്റ്വെയറും

155 [2424] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി സ്വതന്ത്ര സോഫ്റ്റ്വെയറിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് സ്വതന്ത്ര സോഫ്റ്റ്വെയർ സി. ഡി.-കൾ ഇതിനകം വിതരണം ചെയ്തുവെന്നും എത്ര അദ്ധ്യാപകർക്ക് പരിശീലനം നൽകിയെന്നും വ്യക്തമാക്കുമോ;

(സി) ഇക്കഴിഞ്ഞ 10-ാം ക്ലാസ് പരീക്ഷയുമായി ബന്ധപ്പെട്ട് ഐ. ടി. അറ്റ് സ്കൂൾ പ്രോജക്ടിലെ എത്ര പേർ പരീക്ഷാ ഭവനിൽ പ്രവർത്തിച്ചിരുന്നു;

(ഡി) ഇവരെ പരീക്ഷാ ഭവനിൽ പ്രവർത്തിക്കുവാൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ;

(ഇ) എങ്കിൽ ഇവരിൽ ആർക്കെല്ലാമാണ് ഇത്തരത്തിൽ അനുമതി ലഭിച്ചിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly